# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 1510 — 11-08-2017- ൽ മറുപടിയ്ക്ക്

## ഇമ്പിച്ചിബാവ ഹൗസിംഗ് സ്കീം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ദാസൻ | | ശ്രീ. കെ.ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | ഇമ്പിച്ചിബാവ ഹൗസിംഗ് സ്കീമിന്റെ ഭാഗമായി എത്ര പേർക്കാണ് ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്; ഈ പദ്ധതിയുടെ ഭാഗമായി ഇതിനകം നടന്നിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കാമോ; | (എ) | 2017-18 സാമ്പത്തിക വർഷം ഇമ്പിച്ചി ബാവ ഭവന നിർമ്മാണ പദ്ധതിയിൽ സംസ്ഥാനത്താകെ 1798 വീടുകൾ നൽകുന്നതിനും പുനരുദ്ധാരണ പദ്ധതിയിൽ 1000 വീടുകൾ ഉൾപ്പെടുത്തുന്നതിനും വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ജില്ലകളിൽ അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. 2017 ആഗസ്റ്റ് 31 ആണ് അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി. |
| (ബി) | ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നതിന് കൈക്കൊണ്ട നടപടിക്രമങ്ങൾ എന്തെല്ലാം; ജില്ല തിരിച്ച് ഗുണഭോക്താക്കളുടെ എണ്ണം ലഭ്യമാക്കാമോ; കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളുടെ പട്ടിക, തദ്ദേശഭരണ സ്ഥാപനം തിരിച്ച് ലഭ്യമാക്കാമോ; | (ബി) | 2017-18 വർഷത്തെ അപേക്ഷ സമർപ്പിക്കേണ്ട സമയ പരിധി അവസാനിച്ചിട്ടില്ല. സമയപരിധി അവസാനിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. ഈ പദ്ധതി ജില്ലാടിസ്ഥാനത്തിൽ ആണ് നടപ്പിലാക്കി വരുന്നത്. |

| | | | |
|---|---|---|---|
| (സി) | ഈ സ്കീം സംബന്ധിച്ച് പുറപ്പെടുവിച്ച മാർഗ്ഗരേഖകൾ എന്തെല്ലാമെന്നു വ്യക്തമാക്കാമോ? | (സി) | <u>മാനദണ്ഡങ്ങൾ</u><br>1. അപേക്ഷക ന്യൂനപക്ഷവിഭാഗത്തിൽപ്പെട്ട വിധവയോ വിവാഹബന്ധം വേർപ്പെടുത്തിയ/ഉപേക്ഷിക്കപ്പെട്ടവരോ ആയിരിക്കണം.<br>2. അപേക്ഷകയുടെ സ്വന്തം പേരിൽ ബാദ്ധ്യതകളില്ലാത്ത ചുരുങ്ങിയത് രണ്ട് സെന്റ് സ്ഥലം ഉണ്ടായിരിക്കണം.<br>3. അപേക്ഷക സർക്കാരിന്റെയോ സർക്കാർ ഏജൻസികളുടേയോ ഒരു ഭവന നിർമ്മാണ പദ്ധതിയുടെയും ആനുകൂല്യം കൈപ്പറ്റുന്ന ആളാവരുത്.<br>4. അപേക്ഷക കുടുംബത്തിന്റെ ഏകവരുമാന ദായകയായിരിക്കണം.<br>5. അപേക്ഷകയുടെ ആൺകുട്ടി/കുട്ടികൾ സർക്കാർ/ അർദ്ധസർക്കാർ/മറ്റു മാർഗ്ഗങ്ങളിലൂടെയോ സ്ഥിര വരുമാനമുള്ളവരാകരുത്.<br>6. അപേക്ഷകയുടേത് ബി.പി.എൽ കുടുംബമാണെങ്കിൽ മുൻഗണന .<br><u>മുൻഗണനാർഹമായ വിഭാഗങ്ങൾ</u><br>1. ശാരീരിക -മാനസിക വെല്ലുവിളി നേരിടുന്നവർ<br>2. അപേക്ഷകയുടെ മക്കൾ ശാരീരിക -മാനസിക വെല്ലുവിളി നേരിടുന്നവരാണെങ്കിൽ.<br>3. പെൺകുട്ടികൾ മാത്രം മക്കളായുള്ള അപേക്ഷകർ<br>4. അപേക്ഷക 40 നും55 നുംമദ്ധ്യേപ്രായമുള്ളവരാണെങ്കിൽ<br>വീട് റിപ്പയറിനുള്ള പദ്ധതിക്കായി (പുതിയ പദ്ധതി) അപേക്ഷകന്റെ പേര്, വിലാസം, പഞ്ചായത്ത്, വില്ലേജ്, താലൂക്ക്, ജില്ല,വീടിന്റെ വിസ്തീർണ്ണം, ആകെ സ്ഥലം, സർവ്വേ നമ്പർ, കെട്ടിടനമ്പർ, ന്യൂനപക്ഷവിഭാഗത്തിൽ പ്പെട്ടയാളാണെന്നുള്ള സർട്ടിഫിക്കറ്റ്, തുടങ്ങിയവ രേഖപ്പെടുത്തിക്കൊണ്ടുള്ള അപേക്ഷാഫോറം ന്യൂനപക്ഷ ക്ഷേമവകുപ്പ് ഡയറക്ടർ തയ്യാറാക്കേണ്ടതും ആയത് നോട്ടിഫിക്കേഷനോടൊപ്പം പ്രസിദ്ധീകരിക്കേണ്ടതുമാണ്. വീട് റിപ്പയർചെയ്യാനുള്ള അപേക്ഷയോടൊപ്പം റിപ്പയർ ചെയ്യേണ്ടതുണ്ട്, വീടിന്റെ വിസ്തീർണം 1200 സ്ക്വയർഫീറ്റിൽ കുറവാണ് എന്നിവ സാക്ഷ്യപ്പെടുത്തുന്ന വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതുണ്ട്.<br>വീട്/സ്ഥലം എന്നിവ അപേക്ഷകന്റെയോ പങ്കാളിയുടെയോ പേരിലുള്ളവയായിരിക്കണം. വീട് 1200 സ്ക്വയർഫീറ്റിൽ അധികരിക്കാൻ പാടുള്ളതല്ല. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ